ധാതുസമ്പത്ത് സംരക്ഷിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

256 (2494) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ധാതുസമ്പത്തിനെക്കുറിച്ച് വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ ധാതുസമ്പത്ത് സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കേരളത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിൽ എത്ര ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത ലാബുകളിൽ നടക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ചൈനക്ലേ, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സില്ലിമനൈറ്റ്, സിലിക്കാ സാൻഡ്, ലൈംഷെൽ, ലൈംസ്റ്റോൺ, ബോക്സൈറ്റ്, ക്വാർട്സ്, ഗ്രാഫൈറ്റ്, സ്വർണ്ണം, ഇരുമ്പ് എന്നീ വൻകിട ധാതുക്കളും, ചെറുകിട ധാതുക്കളായ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ, ലാറ്ററൈറ്റ്, ലൈംഷെൽ, ബ്രിക്ക്ലേ, ഓർഡിനറി സാൻഡ് എന്നിവയുമാണ് പ്രധാനപ്പെട്ട ധാതു നിക്ഷേപങ്ങൾ. തിരുവനന്തപുരം ജില്ലയിലെ മേൽതോന്നയ്ക്കൽ, പള്ളിപ്പുറം, വെയിലൂർ, അണ്ടൂർക്കോണം, ആഴൂർ എന്നീ വില്ലേജുകൾ, കൊല്ലം ജില്ലയിലെ കണ്ടറ, മുളവന, പള്ളിമൺ, വെളിച്ചക്കാല, കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കണ്ണപുരം, മാടായി, കാസർഗോഡ് ജില്ലയിലെ എരിക്കുളം, നീലേശ്വരം, സീതാംഗോളി, മിയാപദവ് എന്നീ സ്ഥലങ്ങളിലും ചീനക്കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ മുതൽ ചേർത്തലയിലെ പാണാവള്ളി വരെയുള്ള തീരപ്രദേശത്താണ് സിലിക്കാമണൽ നിക്ഷേപമുള്ളത്. തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ശാസ്തവട്ടം, കൊല്ലം ജില്ലയിലെ പോരുവഴി, ചക്കുവള്ളി, കാസർഗോഡ് ജില്ലയിലെ കുമ്പള എന്നീ സ്ഥലങ്ങളിൽ ബോക്സൈറ്റ് നിക്ഷേപമുണ്ട്. എറണാകുളം ജില്ലയിലെ വടകോട്, നാഗപ്പുഴ, കോട്ടയം ജില്ലയിലെ ചിറക്കടവ്, തിരുവനന്തപുരം ജില്ലയിലെ വേളി, കുറ്റിച്ചൽ, വെള്ളനാട് എന്നീ സ്ഥലങ്ങളിൽ ഗ്രാഫൈറ്റ് നിക്ഷേപമുണ്ട്. ആലപ്പുഴ, കോട്ടയം , കാസർഗോഡ് എന്നീ ജില്ലകളിലെ ചതുപ്പ് പ്രദേശങ്ങൾ, നദീമുഖങ്ങൾ, കായലുകൾ എന്നിവിടങ്ങളിൽ കക്കാ നിക്ഷേപമുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് ചുണ്ണാമ്പ് നിക്ഷേപവും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലും മാനന്തവാടിയിലും വൈത്തിരിയിലും ക്വാർട്ട്സ് നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് ധാതുമണൽ നിക്ഷേപവും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇരുമ്പയിരിന്റെ നിക്ഷേപവും മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിലും പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്തും സ്വർണ്ണ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ നിന്നും ധാതുമണൽ കടത്ത് തടയുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ചേർത്തല താലൂക്കിൽ സിലിക്കാ മണൽ ഖനനവും കടത്തും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേക സ്ക്വാഡ് പ്രവർത്തിക്കുന്നു. കൂടാതെ Mines and Minerals (Development & Regulation) Act 1957, Mineral Concession Rules 1960, Kerala Minor Mineral Concession Rules 1967 എന്നിവ കർശനമായി പാലിച്ച് വൻകിട ധാതുക്കളുടേയും ചെറുകിട ധാതുക്കളുടേയും ഖനനം നിയന്ത്രിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന്റെ കീഴിൽ കെമിക്കൽ ലബോറട്ടറി, മിനറോളജി ആൻറ് ജെം ടെസ്റ്റിംഗ് ലബോറട്ടറി എന്നീ രണ്ട് ലബോറട്ടറികളാണുള്ളത്. കെമിക്കൽ ലാബിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, അലുമിനിയം, ഇരുമ്പ് മുതലായ അയിരുകളും സിലിക്കാ സാൻഡ്, ക്ലേ, പാറ മുതലായ ധാതുക്കളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. കൂടാതെ മണൽ സാമ്പിൾ തരംതിരിച്ച് റിപ്പോർട്ട് നൽകുന്നു. മിനറോളജി ആന്റ് ജെം ടെസ്റ്റിംഗ് ലാബിൽ പാറകളുടേയും ധാതുക്കളുടേയും തിൻസെക്ഷൻ പരിശോധന, രത്നക്കല്ലുകൾ പരിശോധിച്ച് അവയുടെ ഇനവും സ്വാഭാവിക സ്റ്റോൺ ആണോ സിന്തറ്റിക് സ്റ്റോൺ ആണോ എന്നും പരിശോധിച്ച് റിപ്പോർട്ടും സർട്ടിഫിക്കറ്റും നൽകുന്നു.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

257 (2495) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.)-ലെ രാസമാലിന്യങ്ങൾ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് കൈമാറാൻ നീക്കമുണ്ടായിരുന്നോ ; ഇതിനായി കണക്കാക്കിയിരുന്ന മതിപ്പു ചെലവ് എത്രയായിരുന്നു ; വ്യവസായ വകുപ്പ് ഈ നീക്കം റദ്ദ് ചെയ്യാൻ കാരണമെന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly